മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) വിമുക്തഭടൻമാരുടെ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന പല നിവേദനങ്ങളും കിട്ടിയിട്ടുണ്ട്. അവയിൻമേൽ യഥാസമയം ആവശ്യമായ നടപടികളും എടുത്തിട്ടുണ്ട്. ഈ ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള നിവേദനം ഏതു സംഘടന സമർപ്പിച്ചതാണെന്നോ ആവശ്യങ്ങൾ എന്തൊക്കെയാണെന്നോ വ്യക്തമല്ലാത്തതിനാൽ വ്യക്തമായ മറുപടി നൽകുവാൻ നിർവ്വാഹമില്ല.

(ബി) വിമുക്തഭടൻമാർക്ക് ഇതിനകം പല ആനുകൂല്യങ്ങളും ഈ സംസ്ഥാനത്ത് അനുവദിച്ചുകൊടുത്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ അനുവദിച്ചിട്ടുള്ളതും എന്നാൽ ഇവിടെ നടപ്പിലാക്കിയിട്ടില്ലാത്തതുമായ ഏതെല്ലാം ആനുകൂല്യങ്ങളാണ് എന്നു വ്യക്തമാക്കിയാൽ അവ ഈ സംസ്ഥാനത്തും നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

പുതിയ ലൈൻ പിടിച്ച് കറണ്ട് കണക്ഷൻ നൽകുന്നതിലേയ്ക്കുള്ള പഞ്ചായത്ത് കമ്മിറ്റികളുടെ നിവേദനം നടപ്പിലാക്കുന്നില്ലായെന്ന പരാതി

* 593 [643] ശ്രീ. വി. വി. ജോസഫ് (കുണ്ടറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1981 ജൂലൈ 31 വരെ ഏതു കാലം വരെയുള്ള അപേക്ഷകർക്ക് കറണ്ടു സപ്ലൈ നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ലൈൻ പിടിച്ച് കറണ്ടു കണക്ഷൻ നൽകുന്നതിലേയ്ക്കുള്ള പഞ്ചായത്തു കമ്മിറ്റികളുടെ നിവേദനം ഇപ്പോഴും നടപ്പിലാക്കുന്നില്ലായെന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) പോസ്റ്റുകളും ആവശ്യമില്ലാത്ത സർവ്വീസ് കണക്ഷനുകളും കഴിയുന്നതും വേഗം തന്നെ കൊടുക്കുന്നുണ്ട്. 1980 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്ത പോസ്റ്റ് ആവശ്യമുള്ള എല്ലാ സർവ്വീസ് കണക്ഷനുകളും 1981 മാർച്ച് 31-ന് മുൻപ് ചെയ്തു തീർത്തിട്ടുണ്ട്. 1981 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്ത സർവ്വീസ് കണക്ഷനുകൾ ഈ സാമ്പത്തിക വർഷത്തിൽ ചെയ്തു തീർക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ പണികൾ ക്രമാനുസൃതം നടന്നുകൊണ്ടിരിക്കുന്നു. 1977 മാർച്ച് 31 വരെ മിനിമം ഗ്യാരണ്ടി വച്ച് എല്ലാ ലൈൻ എക്സ്റ്റൻഷൻ വർക്കുകളും 1980-81 സാമ്പത്തിക വർഷത്തിൽ ചെയ്തുതീർത്തു കഴിഞ്ഞു. 1980 മാർച്ച് 31 വരെയുള്ളവ ഈ സാമ്പത്തിക വർഷത്തിൽ ചെയ്തുതീർക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ പണികൾ മുൻഗണനാക്രമത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി ആൻറ് സി) ഉണ്ട്. വൈദ്യുതി തൂണുകളുടെ ദൗർലഭ്യവും ബോർഡിൻെറ സാമ്പത്തിക ഭദ്രതയും കണക്കിലെടുത്ത് പുതിയ ലൈൻ പിടിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുന്ന പരിപാടി തൽക്കാലം നിറുത്തിവച്ചിരിക്കുകയാണ്. എന്നാൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മിനിമം ഗ്യാരണ്ടി വച്ചാൽ അതിൻെറ അടിസ്ഥാനത്തിൽ പുതിയ ലൈൻ പിടിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

ഗൾഫ് നാടുകളിൽ ജോലിയുള്ള കേരളീയരുടെ ധനനിക്ഷേപം

916 [1688] ശ്രീ. എം. വി. രാഘവൻ:

,, പി. പി. എസ്തോസ്:

,, വി. വി. ജോസഫ് (കുണ്ടറ):

,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:

,, വി. പി. ദക്ഷിണാമൂർത്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ ജോലിയുള്ള കേരളീയരുടെ ധനനിക്ഷേപം വർദ്ധിപ്പിക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ നിക്ഷേപിക്കുന്ന തുകകൾ എന്തിനുവേണ്ടി വിനിയോഗിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഗൾഫ് രാജ്യങ്ങളിൽനിന്നും കേരളത്തിലേക്ക് അയക്കുന്ന പണം സ്വരൂപിച്ച് കേരളത്തിൻെറ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് ഒരു "നോൺ ബാങ്കിംഗ് ഫൈനാൻസി—ട്രസ്റ്റ്" സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി റിസർവ് ബാങ്കിനും കേന്ദ്രഗവൺമെൻറിനും അയച്ചു കൊടുത്തിരുന്നു. ആയതിന് റിസർവ് ബാങ്കിൽ നിന്നും അംഗീകാരം ലഭിച്ചില്ല.

(ബി) (സി) ചോദ്യം ഉദിക്കുന്നില്ല.

പെൻഷൻ വർദ്ധനവ്

917 [1689] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-1964-നു മുൻപ് പെൻഷൻ പറ്റിയ ആളുകളുടെ കുടുംബങ്ങൾക്കുകൂടി കുടുംബ പെൻഷൻ അനുവദിക്കുന്നതിന് കൂടുതലായി എന്തു തുക വേണ്ടി വരും;

LIBRARY ARCHIVES Kerala Legislative Assembly